LIBRARY ARCHIVES Kerala Legislative Assembly

LAND POLICY

*718 [58]. ***Sri. N. V. Chacko :** Will the Hon'ble Minister for Revenue be pleased to state :

(*a*) whether the Government intend to introduce in the next Session of the Assembly or in the Session to be held next after it, any bill relating to the Land Policy of the State ;

(*b*) if so, whether the Government intend such bill to be consistent with the Land Policy of the Government of India;

(*c*) whether Government intend to postpone the introduction of any bill on Land Policy till after the next general election ?

Minister for Law, Finance and Revenue **(Sri. A. J. John):**

(*a*) Government propose to introduce the necessary legislation relating to the Land Policy of the State as early as practicable.

(*b*) The Land Policy of the Government of India may also be taken into consideration in framing the legislation.

(c) Vide answer to part (*a*).

കുത്തകപ്പാട്ട ഭൂമികൾ

*൭൧൯. (൩൨) ശ്രീ. സി. സി. പ്രസാദ്. താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ.—

൧൧൧൮-ൽ കുത്തകപ്പാട്ട വ്യവസ്ഥയിൽ കൊടുത്തിട്ടുള്ള ഭൂമികൾ കാലാവധി കഴിഞ്ഞിട്ടും ഒഴിപ്പിക്കാതിരിക്കുവാൻ വല്ല പ്രത്യേക കാരണവുമുണ്ടോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പ് മന്ത്രി (ശ്രീ. എ. ജെ. ജോൺ) കാലാവധിവെച്ച് കുത്തകപ്പാട്ടത്തിന് കൊടുത്തിട്ടുള്ള ഭൂമികൾ കാലാവധി തീരുന്ന മുറയ്ക്ക് പുതുക്കികൊടുക്കുന്നതാണ് സാധാരണയുള്ള നടപടി. ഏതു് കേസ്സുകളിലാണ് അങ്ങനെ ചെയ്യാതിരുന്നിട്ടുള്ളതെന്നു വ്യക്തമാക്കിയാൽ അതിനെപ്പററി അന്വേഷിച്ച് വിശദവിവരങ്ങൾ തരുന്നതാണ്.

Unstarrd Questions

ഭക്ഷ്യോല്പാദനത്തിന് കേന്ദ്രസഹായം

൫൩. (൧) ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൫൦-൫൧-ലേക്ക് നമ്മുടെ സ്റ്റേററിന് ഭക്ഷ്യോല്പാദനത്തിന് എന്തു തുക സഹായധനം ലഭിച്ചു;

(ബി) ൧൯൫൧-൫൨-ലേക്ക് ആ ഇനത്തിൽ എന്തു തുക പ്രതീക്ഷിക്കുന്നു;

(സി) നമ്മുടെ ബഡ്ജററനുസരിച്ചുള്ള തുകയിൽനിന്നും ൧൯൫൦-൫൧-ലേക്ക് എന്തു തുക ചെലവാക്കിക്കഴിഞ്ഞു;

(ഡി) ൫൦-൫൧ ഈ ഇനത്തിൽ ആകെ ചിലവായ തുകയിൽനിന്നും വ്യക്തികൾക്കും, സംഘടനകൾക്കും എത്ര രൂപാവീതം സഹായധനം കൊടുത്തു;

(ഇ) ഡി, യുടെ ഉത്തരത്തിൽ പറഞ്ഞ തുകയിൽനിന്നും നെൽകൃഷിക്കായും മററു ഭക്ഷ്യങ്ങൾക്കായും എത്ര രൂപാവീതം ആണ് കൊടുത്തതു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പ് മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ൪൩,൨൨, ൧൨൩ രൂപാ.

(ബി) ഒരു കോടി പത്തുലക്ഷം രൂപാ.
(സി) ഉദ്ദേശം ൨൦.൦൮ ലക്ഷം രൂപാ.
(ഡി) കൊടുത്തിട്ടില്ല.
(ഇ) ഡി യുടെ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

മജിസ്ട്രേട്ടിന്റെമേൽ പരാതി

൫൧. (൨) ശ്രീ. ഏ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ആലുവാ ഒന്നാംക്ലാസ് മജിസ്ട്രേട്ടിന്റെ പേരിൽ വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ;
(ബി) ഉണ്ടെങ്കിൽ ആരോപണങ്ങൾ എന്ത്;
(സി) ആരോപണക്കാർ ആര്;
(സി) അതിനു എന്തു നടപടി നടത്തി?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. ഏ. ജെ. ജോൺ)

(എ) ഉണ്ട്.

(ബി) അഴിമതി, കൈക്കൂലിവാങ്ങൽ, ജോലിയിൽ സാവധാനത, പാർശത്യം.

(സി) ൧. ശങ്കരൻ വേലു, കുരിശുപറമ്പിൽ, പറവൂർ. ൨. ആലുവാ കോടതിയിലെ ചില അഡ്വക്കേറ്റന്മാരും, വക്കീലന്മാരും.

(ഡി) അന്വേഷണം പൂർത്തിയായിട്ടില്ല.

സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥന്മാർ

൫൮. (൫) ശ്രീ. ഏ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) സെക്രട്ടേറിയറ്റിലെ ഗവർമ്മെന്റ് സെക്രട്ടറിമാരും, ഡെപ്യൂട്ടി സെക്രട്ടറിമാരും, അസി: സെക്രട്ടറിമാരും എത്ര;

(ബി) മുകളിൽ പറഞ്ഞിരിക്കുന്ന സെക്രട്ടറിമാരുടെ ജാതി തിരിച്ചുള്ള ഒരു പട്ടിക മേശപ്പുറത്തു വയ്ക്കുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ൧. സിക്രട്ടറിമാർ—൫.
൨. ഡിപ്യൂട്ടി സിക്രട്ടറിമാർ—൨.
൩. അസി: സിക്രട്ടറിമാർ—൧൨.

(ബി) പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്.

Secretaries to Government.

1.	Sri.	M. C. Thomas ..	Christian
2.	,,	V. K. Velayudhan ..	Ezhava
3.	,,	John Samuel ..	Christian
4.	,,	K. S. Raghavan ..	Ezhava
5.	,,	Kainikkara M. Padmanabha Pillai ..	Nayar

Deputy Secretaries to Government

1.	Sri.	V. Kunhi Krishnan ..	Salia
2.	,,	P. M. Aiyamperumal Pillai ..	Vellala

Assistant Secretaries to Government

1.	Sri.	S. Govinda Menon ..	Nayar
2.	,,	P. N. Kunjan Pillai ..	Nayar
3.	,,	C. Narayana Poduval ..	Other Hindu

LIBRARY ARCHIVES Kerala Legislative Assembly